**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പെൻഷൻ-പരേതനായ ഗോവിന്ദ ഭട്ടിന്റെ കുടുംബ പെൻഷൻ മാതാവ് ശ്രീമതി.ശാരദാമ്മയ്ക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ(പെൻഷൻ-എ) വകുപ്പ്**

**സ.ഉ.(സാധാ) നം.10675/2018/ധന തിരുവനന്തപുരം,തീയതി:29/12/2018**

---

പരാമർശം : (1) കാസർഗോഡ് വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ സി4/12247/2013 നം. കത്ത്.
(2) തഹസീൽദാരുടെ യോഗ്യതാ സർട്ടിഫിക്കറ്റും അനന്തരാവകാശ സർട്ടിഫിക്കറ്റും
(3) ശ്രീമതി.ശാരദാമ്മയുടെ ഫോം-6 ലെ അപേക്ഷ.
(4) പി.പി.ഒ നം.141064227

**<u>ഉത്തരവ്</u>**

പൊതു വിദ്യാഭ്യാസ വകുപ്പിൽ പ്യൂണായിരിക്കെ 13.10.2009-ൽ മരണപ്പെട്ട ഗോവിന്ദഭട്ടിന്റെ കുടുംബപെൻഷൻ ലഭ്യമാകുന്നതിന് പരേതന്റെ മാതാവ് ശ്രീമതി.ശാരദാമ്മ സമർപ്പിച്ച അപേക്ഷ പരാമർശം (1) പ്രകാരം സർക്കാരിലേയ്ക്ക് ഹാജരാക്കിയിരിക്കുന്നു.

2) ലഭ്യമാക്കിയ വിവരങ്ങളിൽ മരണപ്പെട്ട ഗോവിന്ദ ഭട്ടിന്റെ പിതാവ് 06.09.1992-ലും ,സൂചന 04) പ്രകാരം ടിയാന്റെ കുടുംബ പെൻഷൻ കൈപ്പറ്റിയിരുന്ന ഭാര്യ 07.06.2012-ലും മരണപ്പെട്ടത് സംബന്ധിച്ച രേഖകളും ശ്രീമതി.ശാരദാമ്മയുടെ വാർഷികവരുമാനം 12,000/-രൂപയിൽ താഴെയാണെന്നതും അപേക്ഷക മറ്റ് മക്കളുടെ മരണവുമായി ബന്ധപ്പെട്ട് കുടുംബ പെൻഷനുകളൊന്നും കൈപ്പറ്റുന്നില്ലെന്നതും സംബന്ധിച്ച സർട്ടിഫിക്കറ്റുകളും ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ ഗോവിന്ദ ഭട്ടിന്റെ നിയമാനുസൃത അവകാശികളാരും ആശ്രിത നിയമന പദ്ധതി പ്രകാരം ജോലി നേടിയിട്ടില്ല.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കുടുംബ പെൻഷൻ അനുവദിക്കുന്നതിനാവശ്യമായ എല്ലാ രേഖകളും ഹാജരാക്കിയതിനാൽ കെ.എസ്.ആർ ഭാഗം III ചട്ടം 90(6) പ്രകാരം, പരേതനായ ഗോവിന്ദ ഭട്ടിന്റെ കുടുംബ പെൻഷൻ മാതാവായ ശ്രീമതി.ശാരദാമ്മയ്ക്ക് യോഗ്യതാ സർട്ടിഫിക്കറ്റിന്റെ തീയതിയായ 03.05.2018 മുതൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) പ്രസ്തുത പെൻഷൻ നൽകുന്നതിന് ആവശ്യമായ അധികാരദാനം പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം നൽകുന്നതായിരിക്കും. ഇതിനുള്ള ചെലവ് "2071-01-105-99 കുടുംബ പെൻഷൻ (വോട്ടു ചെയ്തത്) (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.രാജശ്രീ**

**അഡീഷണൽ സെക്രട്ടറി(ധനകാര്യം)**

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള,തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ജി. ആന്റ് എസ് .എസ് .എ) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ ( ഇ. ആന്റ് ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. സബ് ട്രഷറി ഓഫീസർ , സബ് ട്രഷറി,കാസർ ഗോഡ്.
5. Smt.Sharadamma , Shedigumme House, Koipady village, Kumbla PO-671321, Kasaragod.
6. വിദ്യാഭ്യാസ ഉപ ഡയറക്ടർ, വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ കാര്യാലയം,സിവിൽ സ്റ്റേഷൻ വിദ്യാ നഗർ (പി.ഒ),കാസർ ഗോഡ്-671123.
7. The Nodal Officer-www.finance.kerala.gov.in
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. ( E-97886)

ഉത്തരവിൻ പ്രകാരം

**അക്കൗണ്ട്സ് ഓഫീസർ**